(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആളിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) ഉണ്ട്. കോങ്ങോട്ട് പി.എസ്.ക്രൈം 64/03 യു/സി അസ്വാഭാവിക മരണമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ലഭിച്ചിരുന്നു.

(ഡി) ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. എ. കുട്ടപ്പൻ മുഖാന്തിരം ലഭിച്ച പരാതിയിൻമേൽ ഹോമാംബിക നഗർ സർക്കിൾ ഇൻസ്പെക്ടർ നേരിട്ട് അന്വേഷണം നടത്തിവരുന്നുണ്ട്.

പോൾസിയുടെ ദുരൂഹ മരണം

72 (1541) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിനിയായിരുന്ന പോൾസി 3-2-1999-ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞത് സംബന്ധിച്ച് പോൾസിയുടെ അമ്മ മേരി, വൈഫ് ഓഫ് ഔസേപ്പ് പോളി, പയ്യപ്പിള്ളി, കാടുകുറ്റി സമർപ്പിച്ച പരാതിയിൻമേൽ എന്തു നടപടികളാണ് എടുത്തത് എന്ന് വിശദീകരിക്കാമോ ;

(ബി) പോൾസി ഞരമ്പ് മുറിച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും അതിൽ പരാജയപ്പെട്ടപ്പോൾ സ്വന്തം ഷാൾ ഉപയോഗിച്ച് തൂങ്ങിയോ സ്വയം ശ്വാസംമുട്ടിച്ചോ ആണ് മരണം ഉണ്ടായത് എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഷ്യം വിശ്വസനീയമാണെന്ന് കരുതുന്നുണ്ടോ ;

(സി) 4-2-1999-ന് നടക്കുന്ന സ്കൂൾ ആനിവേഴ്സറിയിൽ കലാപരിപാടികളിൽ പങ്കെടുക്കാൻ 3-2-1999-ൽ റിഹേഴ്സൽ കഴിഞ്ഞ് തിരിച്ചെത്തിയ ഈ കുട്ടി മരിച്ചുപോവുന്നതിന് ഏതാനും മിനിട്ടുകൾക്കു മുമ്പ് അയൽപക്കത്തെ വീട്ടിൽ പോവുകയും അവിടെ തുന്നാൻ ഏല്പിച്ചിരുന്ന ഡ്രസ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുന്നിത്തരണം എന്ന് അറിയിക്കുകയും ചെയ്തത് അന്വേഷണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പരാമർശ വിധേയമായിട്ടുണ്ടോ ;

(ഡി) അപ്പർ പ്രൈമറി ക്ലാസ്സിൽ പഠിച്ചിരുന്ന ഈ പെൺകുട്ടിക്ക് പ്രേമനൈരാശ്യം ഉണ്ടായിരുന്നു എന്ന് വരുത്തിത്തീർക്കാൻ ബന്ധപ്പെട്ടവർ സംഭരിച്ചുകൂട്ടിയ തെളിവുകൾ വിശദീകരിക്കാമോ ;

(ഇ) അവ വിശ്വസനീയമാണെന്ന് കരുതുന്നുണ്ടോ ;

(എഫ്) പോൾസിയുടെ പുസ്തകസഞ്ചി വിചിത്രമായ ഒരു സാഹചര്യത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്തത് എന്ന രക്ഷകർത്താക്കളുടെയും നാട്ടുകാരുടെയും ആവലാതിക്ക് അന്വേഷണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ എന്തെങ്കിലും വില നൽകുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പോൾസിക്ക് അയൽപക്കക്കാരൻ വിജയനോട് പ്രേമമുണ്ടായിരുന്നു എന്ന് തെളിയിക്കുവാൻ അന്വേഷണോദ്യോഗസ്ഥൻ ആശ്രയിച്ച ചിത്ര എന്ന പെൺകുട്ടിയും വിജയനും തമ്മിലുള്ള കുടുംബബന്ധം അന്വേഷണ വിധേയമാക്കിയിരുന്നുവോ ;

(എച്ച്) പോൾസിയുടെ മരണം സംബന്ധിച്ച് സത്യസന്ധവും നീതിപൂർവ്വവുമായ ഒരു പുനരന്വേഷണത്തിന് ഉത്തരവ് ഇറക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കൊരട്ടി പോലീസ് സ്റ്റേഷനിൽ, ക്രൈം 38/99 നമ്പർ ആയി അസ്വാഭാവിക മരണമാക്കി കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയതിൽ പോൾസി സ്വയം കെട്ടിത്തൂങ്ങി മരണപ്പെട്ടതാണെന്ന് തെളിവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പോൾസിക്ക് അയൽവാസിയായ വിജയൻ എന്നയാളോട് സ്നേഹമുണ്ടെന്ന് വിജയനോട് പറയുവാൻ പോൾസി ചിത്ര എന്ന കൂട്ടുകാരിയോട് പറഞ്ഞു എന്ന ചിത്രയുടെ മൊഴി.

(ഇ) വിശ്വസനീയമാണ്.

(എഫ്) ഉണ്ട്.

(ജി) അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(എച്ച്) ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകിയ സാഹചര്യത്തിൽ പുനരന്വേഷണം ആവശ്യമില്ല.

ഇത്രായി മാസ്റ്ററുടെ കൊലപാതകം

73 (1542) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ തിരുനെല്ലി പഞ്ചായത്തിൽ ഇത്രായി മാസ്റ്റർ എന്നാണ് കൊല ചെയ്യപ്പെട്ടത് ;

(ബി) ഈ കേസ് ചാർജ്ജ് ചെയ്തുവോ എന്നും ഈ കേസിലെ പ്രതികൾ ആരെല്ലാമാണ് എന്നും വ്യക്തമാക്കുമോ ;

(സി) അവരെ അറസ്റ്റു ചെയ്തുവോ ; എങ്കിൽ എന്ന് ;

(ഡി) അറസ്റ്റ് ചെയ്യാത്തപക്ഷം അതിനുള്ള കാരണം വിശദീകരിക്കുമോ ;

(ഇ) ഈ കേസ് സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly